2433
12/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ശൈശവ വിവാഹം, കുട്ടികൾക്കെതിരെയുള്ള അതിക്രമം എന്നിവ തടയുന്നതിന് പത്രമാധ്യമങ്ങളിൽ പരസ്യം നൽകിയത് - തുക അനുവദിച്ച് ഉത്തരവാകുന്നു.

=======================================================================================

സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (സാധാ) നം. 80/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 12.02.2015.

=======================================================================================

പരാമർശം:- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 04.01.2014, 01.04.2014, 07.07.2014 എന്നീ തീയതികളിലെ പി.ഡി.എം.സി.1/25925/13 നമ്പർ കത്തുകൾ.

## ഉത്തരവ്

ശൈശവ വിവാഹം, കുട്ടികൾക്കെതിരെയുള്ള അതിക്രമം എന്നിവ തടയുന്നതിനായി വിവിധ പത്രമാധ്യമങ്ങളിൽ 03.07.2013, 31.07.2013 എന്നീ തീയതികളിൽ പരസ്യം നൽകിയിരുന്നു. ആയതിലേയ്ക്കായി ചെലവായ 36,81,463/- രൂപ ഐ.സി.പി.എസ്-ന്റെ സംസ്ഥാന വിഹിതത്തിൽ നിന്നും അനുവദിക്കണമെന്ന് പരാമർശ കത്തുകൾ പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശൈശവ വിവാഹം, കുട്ടികൾക്കെതിരെയുള്ള അതിക്രമം എന്നിവ തടയുന്നതിന് പത്രമാധ്യമങ്ങളിൽ പരസ്യം നൽകിയ ഇനത്തിൽ നൽകേണ്ട തുകയായ 36,81,463/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു. ഇതിൽ 26,71,538/- രൂപ ഐ.സി.പി.എസ്-ന്റെ റ്റി.എസ്.ബി. 14907-ാം നമ്പർ അക്കൗണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണ്. ബാക്കിയുള്ള 10,09,925/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-61 (പി) 34 ഒ.സി. എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ് (നം. 16431/എ2/14/പ്ലാനിംഗ് തീയതി 11.11.2014)
ധനകാര്യ വകുപ്പ് (നം. 100317/ഡബ്ല്യൂ.ഡബ്ല്യൂ.3/14/ധന തീയതി 18.12.2014)
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.